# സച്ചിൻ ടെണ്ടുൽക്കർ
# പിതൃസ്നേഹത്തിനും മുകളിലെ ധനസ്നേഹം

**അപർണ**

അച്ഛന്റെ ചിതയിലെ കനൽ കെട്ടടങ്ങും മുമ്പ് ക്രിക്കറ്റ് കളിക്കാനെത്തിയ സച്ചിൻ ടെണ്ടുൽക്കറിനെ മഹാത്യാഗിയായും രാജ്യസ്നേഹിയായും പുകഴ്ത്തിപ്പാടാൻ മത്സരിക്കുകയായിരുന്നു മാധ്യമങ്ങൾ. ഇതു കേട്ടാൽ തോന്നും ത്യാഗം സഹിച്ച് അദ്ദേഹം പങ്കെടുത്തത് രാജ്യത്തെ രക്ഷിക്കാനുള്ള ഏതോ യുദ്ധത്തിലാണെന്ന്.

ലോകകപ്പ് ക്രിക്കറ്റ് ഒരു കളിപ്പന്തയം മാത്രമാണ്. അവിടെ ഇന്ത്യൻ ടീം ജയിച്ചാലും തോറ്റാലും മറ്റേതൊരു കളിയിലും ഇന്ത്യ ജയിക്കുന്നതും തോൽക്കുന്നതും പോലെ മാത്രമേയുള്ളൂ. അച്ഛന്റെ ചിതക്കരികിൽനിന്നും വിഷമിച്ചോടി വന്നു പങ്കെടുത്തിട്ട് അവസാനം എന്തുണ്ടായി? ഇന്ത്യൻ ടീം പകുതിക്കുവച്ചേ പുറത്തായി. എന്നിട്ട് ഇന്ത്യയ്ക്കെന്തു പറ്റി? ഇനിയിപ്പോൾ ഈ കപ്പ് ഇന്ത്യയാണ് നേടാനിടയായതെന്നു തന്നെ കരുതുക. എന്നാലെന്തെങ്കിലും മെച്ചമുണ്ടാകുമായിരുന്നോ ഇന്ത്യൻ ജനതയ്ക്ക്? ലോകകപ്പ് ഇന്ത്യ നേടിയാൽ ഇന്ത്യയിലെ ദരിദ്രരുടെ ജീവിതം മെച്ചപ്പെടുത്താമെന്നോ നിരക്ഷരത മാറ്റിത്തരാമെന്നോ അങ്ങിനെ എന്തെങ്കിലും വാഗ്ദാനം ആരെങ്കിലും തന്നിരുന്നോ? ഇല്ലെങ്കിൽ പിന്നെ, ഇന്ത്യ ജയിച്ചാലും തോറ്റാലും കളിക്കാർക്കല്ലാതെ ജനങ്ങൾക്കെന്തു മാനഹാനിയാണുണ്ടാകാൻ പോകുന്നത്?

പിതൃസ്നേഹത്തിനും മുകളിൽ 'രാജ്യസ്നേഹം' ബാധിച്ച സച്ചിൻ വന്നിട്ടെന്താണ് ചെയ്തത്? ക്രിക്കറ്റ് കളിക്കളത്തിലെ നിയമങ്ങളെ വെല്ലുവിളിച്ച്, തന്റെ ബാറ്റിലെ എം.ആർ.എഫ്. കമ്പനിയുടെ ലോഗോ മത്തങ്ങാ വലിപ്പത്തിലെഴുതിവച്ചാണ്, ചിതക്കരികിൽനിന്നും പറന്നുവന്ന സച്ചിൻ രണ്ടു മത്സരങ്ങളിൽ കളിച്ചത്. ലോകകപ്പിൽ കളിച്ച മറ്റൊരു കളിക്കാരനും തന്റെ പരസ്യക്കാരനുവേണ്ടി ഇങ്ങനെയൊരു നിയമലംഘനം നടത്താൻ തുനിഞ്ഞില്ലെന്നുകൂടി മനസ്സിലാക്കുക. ഇനിയും ആ ബാറ്റും കൊണ്ടു വന്നാൽ കളി കാര്യമാകുമെന്ന് കളി നിയന്ത്രിക്കുന്ന സമിതി നോട്ടീസ് കൊടുത്തപ്പോഴാണ് സച്ചിൻ ലോഗോ വീണ്ടും ചെറുതാക്കിയെഴുതിയത്.

പെപ്സിയും എം.ആർ.എഫും കോൾഗേറ്റും വിൽസും ഒക്കെ സച്ചിനെ കേന്ദ്രമാക്കിയാണ് കോടികൾ മുടക്കി പരസ്യങ്ങളെടുത്തിരിക്കുന്നത്. ഓരോ കമ്പനിക്കാരനും ഏകദേശം അഞ്ചു കോടി രൂപ വരുന്ന കോൺട്രാക്ടാണ് സച്ചിനുമായിട്ട് ഉണ്ടാക്കിയിരിക്കുന്നത്. മൂന്നു കൊല്ലത്തേക്കാണ് കോൺട്രാക്ടുകൾ. കോൺട്രാക്ടിലെ വ്യവസ്ഥകൾ കച്ചവട മനസുള്ളവ തന്നെയായിരിക്കും. ഉദാഹരണത്തിന്, അടുത്ത മൂന്നു കൊല്ലത്തേക്ക് കരാറൊപ്പിട്ട് അഞ്ചുകോടിയും വാങ്ങിയശേഷം ഒരു താരം ആ മൂന്നുകൊല്ലവും കളിക്കാതിരുന്നാൽ കച്ചവടക്കാരന്റെ അഞ്ചു കോടി വെറുതെ പോകും. അതുകൊണ്ടുതന്നെ, വലിയ കരാറുകളൊപ്പിട്ട്



കോടികൾ വാങ്ങിയ ഒരുത്തനും ഒന്നോ രണ്ടോ കളികളിൽ കൂടുതൽ മുടങ്ങാനാവില്ല. പുത്രന്റെ കടമ മറന്ന് പിതാവിന്റെ ചിതക്കരികിൽനിന്നും കളിക്കളത്തിലേക്ക് പറക്കുന്നത് രാജ്യസ്നേഹം കൊണ്ട് വീർപ്പുമുട്ടിയിട്ടൊന്നുമല്ല. ആ വികാരത്തിന്റെ പേര് ധനസ്നേഹം എന്നാണ്.

കമ്പനികളുമായുള്ള ക്രിക്കറ്റ് താരങ്ങളുടെ കരാറുകളിൽ ചില ബോണസ് വ്യവസ്ഥകളുമുണ്ടാകും. അടുത്ത മൂന്നു കൊല്ലം എം.ആർ.എഫ്. എന്ന മുദ്രയുള്ള ബാറ്റാണ് സച്ചിൻ കളിക്കാനുപയോഗിക്കുക എന്ന കരാർ ഒപ്പിട്ടതുകൊണ്ടായില്ല, ആ ബാറ്റും കൊണ്ട് കുറേ നേരം സച്ചിൻ ക്രീസിലുണ്ടായാലേ കമ്പനി ഉദ്ദേശിച്ച കാര്യം നടക്കൂ. അതുകൊണ്ട് ഈ കാലയളവിനുള്ളിൽ അടിക്കുന്ന ഓരോ അർധസെഞ്ച്വറിക്കും സെഞ്ച്വറിക്കും ഇരട്ട സെഞ്ച്വറിക്കും ഇത്ര ലക്ഷം വീതം തരാമെന്ന വ്യവസ്ഥകളും കമ്പനി നല്കും. സച്ചിൻ അഞ്ച് കമ്പനിക്കാരുമായി കരാറുണ്ടാക്കിയിട്ടുണ്ടെങ്കിൽ അവരെല്ലാവരും ഇത്തരം ബോണസുകളും പ്രഖ്യാപിച്ചിട്ടുണ്ടായിരിക്കും. ഉദാഹരണത്തിന്; ഈ ലോകകപ്പിൽ സച്ചിനാണ് ആദ്യമായി സെഞ്ച്വറി നേടിയത്. ആ സെഞ്ച്വറിക്ക് പെപ്സി മാത്രം സച്ചിന് നല്കുന്ന ബോണസ് ഏഴുലക്ഷം രൂപയാണ്.

ഒരു ഇന്ത്യൻ ജവാന്റെ ഒരു മാസത്തെ ശമ്പളത്തേക്കാൾ കൂടുതലാണ് ഇന്ത്യൻ ക്രിക്കറ്റ് ടീമിലെ ഒരംഗത്തിന് ഒരു ദിവസം കളിച്ചാൽ ഔദ്യോഗികമായി നല്കുന്ന പ്രതിഫലം (പരസ്യ കമ്പനികൾ നല്കുന്ന ഒരു തുകയും ഇതിൽപെടില്ല). കാർഗിലിൽ മരണപ്പെട്ട ജവാന്മാരുടെ കുടുംബങ്ങളെ സഹായിക്കാനായി തങ്ങളുടെ ഒരു ദിവസത്തെ ഔദ്യോഗിക വരുമാനം സംഭാവനയായി നല്കിക്കൂടേ എന്ന് ഇന്ത്യൻ ടീമംഗങ്ങളോട് ചില ഇന്ത്യക്കാർ ചോദിച്ചുവത്രേ. രാജ്യസ്നേഹം കൊണ്ടു വീർപ്പുമുട്ടുന്ന ഒരു ഇന്ത്യൻ കളിക്കാരനും പക്ഷേ ആ ആവശ്യത്തോട് പ്രതികരിച്ചില്ല!